വള്ളി ഏകദേശം ഒന്നര അടിയോളം നീണ്ടിരിക്കും. ഒരു കൂടിന് സമീപം പോട്ടിങ്ങ് മിശ്രിതം നിറച്ച നാലോ അഞ്ചോ കൂടുകൾ വരിവരിയായി അടുക്കി വയ്ക്കുക. ഇവയിലെ പോട്ടിങ്ങ് മിശ്രിതത്തിൽ തൊടുംവിധം വള്ളി വളച്ച് ഓരോ കൂടിലും ഒരു മുട്ട് എന്ന തോതിൽ മിശ്രിതത്തിലേക്ക് ഇറക്കിവയ്ക്കുക. ഇളകിപ്പോകാതിരിക്കാൻ ഈർക്കിൽ ‘V’ ഷേപ്പിൽ ഒടിച്ച് വള്ളികളെ മിശ്രിതത്തിൽ ഉറപ്പിച്ച് നിർത്താം. ഓരോ കൂടിലും ഒരല്പം കൂടി മിശ്രിതം നിറച്ച് കൊടുത്താൽ നന്ന്. ചെറിയ തോതിൽ എന്നും നനയ്ക്കണം. വള്ളി വളരുന്ന മുറയ്ക്ക് കുടുകളുടെ എണ്ണം വർദ്ധിപ്പിക്കണം.





**ഘട്ടം 7: വേരുപിടിപ്പിച്ച തൈകൾ മുറിച്ച് വേർപ്പെടുത്തുക.**

ഏകദേശം ഒരു മാസം കൊണ്ട് ഓരോ മുട്ടിലും വേരിറങ്ങി ഓരോ കൂടിലും പുതിയ തൈകൾ തയ്യാറായിരിക്കും. ഇവയെ മൂർച്ചയുള്ള ബ്ലേഡു കൊണ്ട് തമ്മിൽ വേർപ്പെടുത്തിയശേഷം വീണ്ടും നനച്ചു കൊടുക്കണം. വേരു പിടിച്ച നടീൽ വസ്തുക്കൾ തയ്യാർ. ഒരു കൂടിൽ നിന്നും ധാരാളം നടീൽ വസ്തുക്കൾ ഇപ്രകാരം ലഭിക്കും.

കുരുമുളക് കൃഷിയോടൊപ്പം തന്നെ നടീൽ വസ്തുക്കളും ഉല്പാദിപ്പിച്ച് കർഷകർക്ക് തങ്ങളുടെ വരുമാനം ഏറെ വർദ്ധിപ്പിക്കാൻ ഈ നാഗ പതി വയ്ക്കൽ രീതി തീർച്ചയായും സഹായകമാകും.

കൂടുതൽ വിവരങ്ങൾക്ക് ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം,
ഐ.സി.എ.ആർ.–സി.പി.സി.ആർ.ഐ., കൂഡ്‌ലു.പി.ഒ.
കാസറഗോഡ് – 671124,
email : cpcrikvk1@yahoo.com, Ph : 04994 232993

Published by Dr. Manojkumar TS, Head ICAR-KVK Kasaragod
Text Prepared & Edited by Jayashree M P, K Manikantan
Final Layout NGK Co-operative Press, Kasaragod
2022

# കുരുമുളകിലെ സർപ്പന്റൈൻ/ നാഗ പതിവയ്ക്കൽ രീതി



ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം
ഐ.സി.എ.ആർ.-സി.പി.സി.ആർ.ഐ.
കാസറഗോഡ്–671124

കേരളത്തിന്റെ വാണിജ്യവിളകളിൽ ഏറെ പ്രാധാന്യം വഹിക്കുന്ന ഒന്നാണ് കുരുമുളക്. വിവിധ ഗുണങ്ങളോടുകൂടിയ ധാരാളം മുന്തിയ ഇനങ്ങൾ കുരുമുളകിൽ വികസിപ്പിച്ചിട്ടുള്ളതായി നമുക്കറിയാം. എന്നാൽ ഇവയുടെ നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് ഒരു വെല്ലുവിളി തന്നെയാണ്.

നല്ല വിളവ് തരുന്ന ഒരു കൊടിയിൽ നിന്നും കർഷകന് സ്വയം ധാരാളം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ചെടുക്കാനുള്ള വളരെ ലളിതമായ ഒരു മാർഗ്ഗമാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.

“സർപ്പന്റൈൻ” അഥവാ “നാഗ” പതിവയ്ക്കൽ രീതി- ഈ രീതിയുടെ വിവിധ ഘട്ടങ്ങൾ നമുക്ക് പരിശോധിക്കാം.

**ഘട്ടം 1:**
**വള്ളി തിരഞ്ഞെടുക്കൽ**



കൊടിയുടെ ചുവട്ടിൽ നിന്നും ഭൂമിക്ക് സമാന്തരമായി വളരുന്ന വള്ളികൾ - അഥവാ -‘‘റണ്ണേഴ്സ്’’ (ചെന്തലകൾ)-ൽ നിന്നാണ് നടീൽ വസ്തുക്കൾ ഒരുക്കേണ്ടത്. നല്ല കായപിടിത്തമുള്ള വള്ളികളുടെ റണ്ണറുകളെ മൂർച്ചയുള്ള ബ്ലേഡുപയോഗിച്ച് ചുവട് ചേർത്ത് വെട്ടിയെടുക്കുക. ഓക്ടോബർ-ഡിസംബർ മാസങ്ങളിൽ മുളക് വിളഞ്ഞ് പഴുക്കാൻ ആരംഭിക്കുമ്പോഴാണ് മാതൃസസ്യം തിരഞ്ഞെടുക്കാൻ പറ്റിയ സമയം. നേരത്തെതന്നെ ഇത്തരം റണ്ണറുകളെ കണ്ടെത്തി അവയെ നിലം തൊടാത്തവിധം ചുറ്റിയെടുത്ത് ഒരു കമ്പിൽ കൊരുത്തിടുന്നത് പിന്നീട് പതിവയ്ക്കുമ്പോൾ പെട്ടെന്ന് വേരുപിടിച്ചുകിട്ടാൻ സഹായകമാകും. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ഈ ചെന്തലകൾ (റണ്ണേഴ്സ്) മുറിച്ചെടുത്ത് നടാം.



**ഘട്ടം 2**
**റണ്ണറിൽ നിന്നും നടീൽ വസ്തു ഒരുക്കൽ**

മുറിച്ചെടുത്ത റണ്ണറിനെ 2 മുട്ട് നീളമുള്ള ചെറിയ കഷണങ്ങളാക്കി മുറിക്കണം. മുറിക്കുമ്പോൾ ചുവട് ചരിച്ചുവേണം മുറിക്കാൻ.



**ഘട്ടം 3:**
**പോട്ടിങ്ങ് മിശ്രിതം തയ്യാറാക്കൽ**

മണ്ണ്, മണൽ, ജൈവവളം ഇവ തുല്യ അളവിൽ കൂട്ടി ച്ചേർത്ത് പോട്ടിങ്ങ് മിശ്രിതം തയ്യാറാക്കുക. നീർവാർച്ചയ്ക്കായി ദ്വാരങ്ങളിട്ട പോളിത്തീൻ കൂടുകളിൽ ഇത് നിറക്കുക. ചെറുതായി നനയ്ക്കുക.

**ഘട്ടം 4:**
**നടീൽ വസ്തുക്കളെ കൂടുകളിൽ നട്ടു പിടിപ്പിക്കുക.**



നേരത്തെ തയ്യാറാക്കിയ 2 മുട്ട് വീതമുള്ള നടീൽ വസ്തുക്കളെ ഈ കൂടുകളിൽ നടുക. ഒരു മുട്ട് പൂർണ്ണമായും പോട്ടിങ്ങ് മിശ്രിതത്തിലേക്ക് ആഴ്ത്തി വേണം നടാൻ. രണ്ടാമത്തെ മുട്ട് ഉൾപ്പെടുന്ന ചെറിയ. ഒരു ഭാഗം മാത്രം മുകളിൽ കാണുന്ന തരത്തിൽ നടീലിന്റെ ആഴം ക്രമീകരിക്കുക. മിശ്രിതം വിരൽകൊണ്ട് അമർത്തി ഉറപ്പിക്കുക. അല്പം നനച്ചു കൊടുക്കണം.



**ഘട്ടം 5**
**പുതയിടൽ**

അമിതമായ മഴയോ വെയിലോ തടുക്കാൻ പാണൽ പോലെയുള്ള വലിയ ഇലകൾ കൊണ്ട് പുത നൽകി ഇവയെ സംരക്ഷിക്കാം.

**ഘട്ടം 6: സർപ്പന്റൈൻ/ നാഗ പതിവയ്ക്കൽ**

3 മാസം കൊണ്ട് ഇവ വേരുപിടിച്ച്, നാഗ പതി വയ്ക്കാൻ പാകമായിരിക്കും. ഇതിനോടകം

